# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3040
## 18.10.2016 ലെ മറുപടിയ്ക്ക്

## <u>ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിവരുന്നു. 2016 ഡിസംബർ മാസം അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 14.10.2016 വരെ 106 ട്രഷറികളിൽ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കഴിഞ്ഞു. |
| (ബി) | ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | കേരളത്തിലെ ട്രഷറികളിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾ നേരിടുന്ന പരിമിതികളിൽ പ്രധാനപ്പെട്ടത് അവർക്ക് അക്കൗണ്ടുള്ള ട്രഷറികളിൽനിന്നു മാത്രമേ പണമിടപാടുകൾ നടത്തുവാൻ കഴിയുകയുള്ളൂ എന്നതാണ്. ട്രഷറി കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്കിൽ അക്കൗണ്ടുള്ള ഒരാൾക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽനിന്നും പണമിടപാടുകൾ നടത്തുവാൻ കഴിയും. കൂടാതെ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽനിന്ന് പണം മറ്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏത് സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഇതുവഴി ട്രഷറികളിൽ നേരിട്ടുപോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല, 24x7 സമയത്തും പ്രവർത്തനക്ഷമവുമാണ്. |

സെക്ഷൻ ഓഫീസർ